**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - പ്രളയം 2018 – വീടുകളുടെയും കടകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും നാശനഷ്ടങ്ങളുടെ ഡിജിറ്റൽ അടിസ്ഥാന വിവര ശേഖരണം - തദ്ദേശ സ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(കൈ)നം. **18/2018/ഡി.എം.ഡി.** തിരുവനന്തപുരം, തീയതി, **03/09/2018**

---

**ഉത്തരവ്**

സമാനതകൾ ഇല്ലാത്ത അതിരൂക്ഷമായ പ്രകൃതി ദുരന്തമാണ് കേരളം നേരിട്ടത്. ദുരന്തത്തിൽ നഷ്ടപ്പെട്ടതും കേടുപാടുകൾ സംഭവിച്ചതുമായ വീടുകളുടെ പുനർനിർമ്മാണം ഇവയിൽ ഏറ്റവും പ്രധാനമാണ്. ഇതിനായി പ്രകൃതിക്ഷോഭത്തിൽ തകർന്ന വീടുകളുടെ കണക്കെടുപ്പ് വേഗം നടത്തേണ്ടതുണ്ടെന്ന് സർക്കാർ വിലയിരുത്തിയതിന്റെ പശ്ചാത്തലത്തിൽ വീടുകളുടെയും കടകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും നാശനഷ്ടങ്ങളുടെ ഡിജിറ്റൽ അടിസ്ഥാന വിവര ശേഖരണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു. ആയതിലേക്കായി ചുവടെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതും തുടർപ്രവർത്തനങ്ങൾ സ്വീകരിക്കേണ്ടതുമാണ്.

2. വിവര ശേഖരണവും ക്രോഡീകരണവും പരിശോധനയും കമ്പ്യൂട്ടറധിഷ്ഠിതമായി വേഗത്തിൽ പൂർത്തീകരിക്കുന്നതിനായി ദുരന്ത ബാധിതമായ എല്ലാ വീടുകളുടെയും നിലവിലുള്ള സ്ഥിതി ഒരു mobile app വഴി കെട്ടിടത്തിന്റെ അഥവാ സ്ഥലത്തിന്റെ ഫോട്ടോഗ്രാഫ് അടക്കം എത്രയും വേഗം രേഖപ്പെടുത്തി ലഭ്യമാക്കുന്നതിനായി ഉള്ള നടപടി ആരംഭിക്കേണ്ടതുണ്ട്. ഇങ്ങനെ തയ്യാറാക്കുന്ന ഡിജിറ്റൽ അടിസ്ഥാന വിവരശേഖരണം തദ്ദേശഭരണ സ്ഥാപനതല എഞ്ചിനീയർമാരും അവരെ സഹായിക്കാനായി രൂപീകരിക്കുന്ന പ്രാദേശിക സാങ്കേതിക വിദഗ്ധരും അടങ്ങുന്ന പാനലിനെ ഏൽപ്പിക്കേണ്ടതും അവർ നേരിട്ട് നടത്തുന്ന പരിശോധനയുടെയും നാശനഷ്ടവിലയിരുത്തലിന്റെയും അടിസ്ഥാനത്തിൽ സർക്കാർ നിശ്ചയിക്കുന്ന നഷ്ടപരിഹാരം അനുവദിക്കുകയും ചെയ്യേണ്ടതാണ്. തുടർപ്രവർത്തനങ്ങൾ താഴെപ്പറയുന്ന നിർവ്വഹണക്രമം മാത്രം പാലിക്കേണ്ടതാണ്.

3. നാശനഷ്ടത്തിന്റെ തോത് വിലയിരുത്തുന്നതിന് താഴെപ്പറയുന്ന രീതി സ്വീകരിക്കേണ്ടതാണ്.

| കാറ്റഗറി | നാശനഷ്ട ശതമാനം | നാശനഷ്ടത്തിന്റെ തരം |
|---|---|---|
| 1 | 15% | മുട്ടോപ്പം പൊക്കത്തിൽ<br>(50 സെ.മി) വെള്ളം കയറി, ചെറിയ കേടുപാടുകൾ വന്നു.<br>OR<br>10% ത്തിൽ താഴെ മേച്ചിൽ ഓടുകൾ നഷ്ടമായി |
| 2 | 16-29%- | വെള്ളം കയറിയതു കൊണ്ട് തറയ്ക്ക് കേടുപാടുകൾ വന്നു, ഇലക്ട്രിക്കൽ - പ്ലംബിങ് തകരാറുകൾ വന്നു. |

| | | |
|---|---|---|
| | | OR<br>മേൽക്കൂരയുടെ 25 % വരെ മേച്ചിൽ ഓട്ടുകൾ നഷ്ടമായി, ഇലക്ട്രിക്കൽ - പ്ലംബിങ് തകരാറുകൾ വന്നു. |
| 3 | 30-59 % | ജനലും വാതിലും മുങ്ങുന്ന പൊക്കത്തിൽ (ലിന്റൽ ലെവൽ) വെള്ളം കയറിയത് മൂലം ചുമർ ദുർബ്ബലമായി, പൊട്ടലുകൾ വന്നു.<br>OR<br>50% ൽ ഏറെ മേച്ചിൽ ഓട്ടുകൾ നഷ്ടമായി എന്നാൽ മേച്ചിൽക്കൂട് സ്ട്രക്ചറൽ തകരാറില്ല. |
| 4 | 60-74% | ഒന്നോ ഏറെ ചുമരുകൾ തകർന്നു, എന്നാൽ മേച്ചിൽ ഓട്ടുകൾ നഷ്ടമായതല്ലാതെ മേൽക്കൂരയ്ക്ക് സ്ട്രക്ചറൽ തകരാറില്ല. |
| 5 | >75% | മേൽക്കൂര തകർന്നു. (സ്ട്രക്ചറൽ തകരാറ്) |

4. ഇക്കാര്യത്തിൽ തകർക്കമുണ്ടായാൽ അപ്പീൽ നൽകുന്നതിലേയ്ക്കായി ജില്ലാ കളക്ടറെ അപ്പലേറ്റ് അതോറിറ്റിയായി നിയമിച്ച് ഉത്തരവാകുന്നു.

5. ആഗോളതലത്തിൽ ഉപയോഗിച്ച് കാര്യക്ഷമത ഉറപ്പാക്കിയിട്ടുള്ള ഓപ്പൺസോഴ്സ് ക്രൗഡ് സോഴ്സിങ് പ്ലാറ്റ്ഫോമുകൾ അടിസ്ഥാനമാക്കി, ഡിജിറ്റൽ വിവരശേഖരണത്തിനുള്ള മൊബൈൽ ആപ്പ് തയ്യാറാക്കുന്നതിനും വിവരശേഖരണം നടത്തുന്ന സന്നദ്ധസേനകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സംവിധാനങ്ങൾ ഏർപ്പാടാക്കിയിട്ടുണ്ട്. സർക്കാരിന്റെ വിവരസാങ്കേതികവിദ്യാ വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പുകളുടെ ഏകോപിത ചുമതലയാണ് മൊബൈൽ ആപ്പ് വിന്യസനവും വിവരം ശേഖരണത്തിന്റെ ക്രോഡീകരണവും സൂക്ഷിപ്പും നിർവ്വഹിക്കുക.

6. വിവരശേഖരണം നടത്തുന്ന സന്നദ്ധസേനകൾക്ക് പ്രാദേശികമായ പിന്തുണ സംവിധാനമായി തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള ഇൻഫർമേഷൻ കേരളാ മിഷന്റെ ടെക്നിക്കൽ വിഭാഗം പ്രവർത്തിക്കേണ്ടതും പ്രാദേശിക ഫീൽഡ് പ്രവർത്തനം അതതു തദ്ദേശസ്വയം ഭരണ സ്ഥാപനത്തിലെ ജനപ്രതിനിധികളും സെക്രട്ടറിയും ചേർന്ന് ക്രമീകരിക്കേണ്ടതുമാണ്. സന്നദ്ധസേനകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നു പ്രവർത്തിക്കാൻ സംവിധാനമുണ്ടാക്കുകയും, അവരുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും ചെയ്യുന്നതിനുള്ള മേൽനോട്ട ചുമതല വഹിക്കാൻ താഴെപ്പറയുന്നവരടങ്ങുന്ന സംസ്ഥാനതല സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

i. ഡോ.കെ.എൻ ഹരിലാൽ, മെമ്പർ, സംസ്ഥാന ആസൂത്രണ ബോർഡ്.
ii. ആർ. ഗിരിജ ഐ.എ.എസ്, അഡീഷണൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
iii. ഡോ. സജി ഗോപിനാഥ്, സി.ഇ.ഒ., സ്റ്റാർട്ട് അപ് മിഷൻ
iv. ഡോ. ജോയി ഇളമൺ, ഡയറക്ടർ, കില

7. നാശനഷ്ടത്തിന്റെ തോത് ശതമാനം കണക്കാക്കുന്നതിൽ തർക്കമുണ്ടായാൽ ജില്ലാകളക്ടർക്ക് അപ്പീൽ നൽകാവുന്നതാണ്. അപ്പീൽ തീർപ്പാക്കുന്നതിനായി കളക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പൊതുമരാമത്തു വകുപ്പ് (കെട്ടിട വിഭാഗം), ഹൗസിങ് ബോർഡ് എന്നിവിടങ്ങളിൽ നിന്നായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ കുറയാത്ത രണ്ട്

പേർ അടങ്ങുന്ന പാനൽ ഉണ്ടാക്കുകയും തർക്കമുള്ള കെട്ടിടത്തിന്റെയും ഉണ്ടായ തകരാറിന്റെയും സാങ്കേതിക വിലയിരുത്തൽ നടത്തുകയും വേണം. ഈ പാനലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കളക്ടറുടെ തീരുമാനം അന്തിമം ആയിരിക്കും.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**പി.എച്ച്.കുര്യൻ**

അഡീഷണൽ ചീഫ് സെക്രട്ടറി &

സ്റ്റേറ്റ് റിലീഫ് കമ്മീഷണർ

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്

ഡോ.കെ.എൻ ഹരിലാൽ, മെമ്പർ, സംസ്ഥാന ആസൂത്രണ ബോർഡ്.

ശ്രീമതി. ആർ. ഗിരിജ ഐ.എ.എസ്, അഡീഷണൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

ഡോ. സജി ഗോപിനാഥ്, സി.ഇ.ഒ., സ്റ്റാർട്ട് അപ് മിഷൻ

ഡോ. ജോയി ഇളമൺ, ഡയറക്ടർ, കില

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ.&ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം

തദ്ദേശ സ്വയംഭരണ വകുപ്പ്

പൊതുഭരണ (എസ്.സി) വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്

റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്) പേഴ്സണൽ സെക്രട്ടറിക്ക്

അഡീഷണൽ സെക്രട്ടറിയുടെ (ദുരന്ത നിവാരണ വകുപ്പ്) സി.എ-യ്ക്ക്

ഡി.എം.(ബി) വകുപ്പ്

ഡി.എം. (എ 4) സീറ്റിന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ